


# എസ് എൻ വി ജി എച്ച് എസ് പരവൂർ

## നക്ഷത്രങ്ങളുടെ പള്ളിക്കൂടം

# എസ്എൻവിഎച്ച്എസ്എസ് പരവൂർ

കാലത്തെ മാറ്റിമറിച്ച ചരിത്രപുരുഷൻ ശ്രീനാരായണഗുരു ഭദ്രദീപം കൊളുത്തി 1923 തുടക്കമിട്ടതാണ് എസ് എൻ വി ജി എച്ച് എസ് .പ്രഗത്ഭരായ അനേകം വ്യക്തികളെ വാർത്തെടുത്ത മഹത്തായ ഒരു ചരിത്രം സ്കൂളിലുണ്ട്. പരവൂർ എസ് എൻ വി സമാജത്തിന്റെ ഉടമസ്ഥതയിലാണ് സ്കൂൾ പ്രവർത്തിക്കുന്നത് 5 മുതൽ 10 വരെ 31 ഡിവിഷനുകളിലായി 1100 വിദ്യാർത്ഥികൾ പഠിക്കുന്നു 45 അധ്യാപകരും 5 അനധ്യാപകരും ആണ് സ്കൂളിനെ നയിക്കുന്നത്

# ഉൾപ്പുറങ്ങളിൽ

ലഹരി
അസ്തമിക്കുന്ന നിലവിളികൾ
ഒറ്റപ്പെട്ട കുഞ്ഞിപ്പൂവ്
പുസ്തകം
പ്രിയൻ
തണൽ
പ്രകൃതി
കാഴ്ചകൾ
ആരും
മഴവില്ല്
പൂക്കൾക്കുണ്ടൊരു പൂക്കാലം
ഓണം പൂക്കാലം
നിങ്ങൾക്ക് സ്വപ്നം ഉണ്ടോസ്നേഹം
സ്നേഹം



NEIGHMATH N
8 D

# ലഹരി

യുവത്വത്തെ തകർക്കുന്ന
തലമുറയെ വഴിതെറ്റിക്കുന്ന
ചിന്തകളെ നശിപ്പിക്കുന്ന
ബുദ്ധിയെ കൊല്ലുന്ന
വിഷമാണത്.
ബന്ധങ്ങളെ കീറിമുറിക്കും
വാളാണത്.



SAHLA NIZAM
10 D

# അസ്തമിക്കുന്ന നിലവിളികൾ

വിലാപങ്ങളുടെ ചോര പുഴയായ
നൊമ്പരങ്ങളുടെ കണ്ണീർക്കടലായ
നിലവിളികൾ അസ്തമിക്കുന്ന
ഒരായിരം തേങ്ങലുകളുടെ യുദ്ധം.

എത്രയോ ജീവനുകൾ പൊലിയുന്ന
എത്രയെ കുഞ്ഞുങ്ങൾ അനാഥരാകുന്ന
എത്രയോ പ്രതീക്ഷകൾ തകർന്നുവീഴുന്ന
ചുടു ചോര ചിന്തുന്ന യുദ്ധഭൂമി.

എന്തിനാണ് യുദ്ധം...?
എന്തിനുവേണ്ടിയാണ് ഈ യുദ്ധം ...?
ആർക്കാണ് വിജയം...?
ആർക്കാണ് പരാജയം...?

പല ജാതിയെന്ന്: പലനിറം എന്ന്!
ഒഴുകുന്നത് ഒരു ചോര
കരഞ്ഞു കലങ്ങിയ ഒരായിരം മിഴികളിൽ
നിറയുന്ന പ്രതീക്ഷ;
ജീവനായി കൊതിക്കുന്ന പ്രതീക്ഷ ...

യുദ്ധം ...
ഒരിക്കലും നികത്താൻ കഴിയാത്ത നഷ്ടങ്ങൾ
മർത്ത്യാ ...വിഡ്ഢിയായ മർത്ത്യാ...



VYGA D S
6B

# ഒറ്റപ്പെട്ട കുഞ്ഞിപ്പൂവ്

ആരോരുമില്ലാത്ത
ഒറ്റയ്ക്ക് നിൽക്കുന്ന കുഞ്ഞിപ്പൂവ്
ഇത്തിരി നേരം കഥ പറയാനായി
ആരോരുമില്ലാത്ത കുഞ്ഞിപ്പൂവ്
വെള്ളമൊഴിച്ചു കൊടുക്കാനായി
ആരോരുമില്ലാത്ത കുഞ്ഞിപ്പൂവ്
ഇളം കാറ്റത്ത് ആടിയാടി
ഒറ്റയ്ക്ക് നിൽക്കുന്ന കുഞ്ഞിപ്പൂവ്
കാലങ്ങൾ ഏറെ ഏറെയായി
ഒറ്റയ്ക്ക് നിൽക്കുന്ന കുഞ്ഞിപ്പൂവ്.



GOURI B S
7 B

# പുസ്തകം

നിലാവാണ് പുസ്തകം
അറിവാണ് പുസ്തകം

"വായിക്കാംനമുക്ക് വായിക്കാം"

പുസ്തകം അറിവിന് കേദാരം
പുസ്തകം അറിവിൻ വിളക്ക്

"ഉയരങ്ങളിൽ നമ്മൾ എത്തണം
സൂര്യനെപ്പോലെ ജ്വലിക്കണം"



NOUFIYA SAJEEV
9C

# പ്രിയൻ

നീയെന്ന ആത്മാവിലെ
ഒരു ഇളനീർ കാറ്റ് ആകാൻ
ഞാൻ കൊതിക്കുന്നു.

എൻ ജീവനിൽ ഞാനോർക്കും;
എൻ മനസ്സിൽ ഉള്ളിലെ എൻ പ്രിയനേ
എൻ മുറിവിലെ ഓർമ്മകളെ.

ഞാൻ കാത്തുസൂക്ഷിക്കും
നീയെന്ന സ്നേഹമാ എൻ പൂവിനെ...
എത്രകാലമായി തലോടുന്നു ഞാൻ.

"മായാതെ മറയാതെ
നീയെന്നരികിൽ ഇരുന്നു നാൾ"
ഒരു മിന്നായം പോലെൻ്റെ മുന്നിൽ വന്നു.

ഈ ലോകത്തിൻ്റെ ഓരോ കോണിലും
കാത്തിരിപ്പൂ ഞാൻ ...നിനക്കായി.



ANANAYA B
8 D

# തണൽ

നിൻറെ തണൽ എനിക്ക് ആനന്ദമാണ്
ചുട്ടുപൊള്ളുന്ന വെയിലത്തു നീ–
കുളിർ തൊപ്പിയാകുന്നു.
നിൻറെ ചില്ലകളിൽ നിറയും ഫലകങ്ങൾക്ക്
എന്തു രുചിയാണ്!
ചില്ലകളിൽ കൂട്ടുകൂട്ടും പക്ഷികളെ...
നിങ്ങളുടെ പാട്ടിന് എന്ത് ഈണമാണ്.
വിണ്ടുകീറിയ ഭൂമിയെ നോക്കി കേഴുന്ന
ഇരുപത്തിയൊന്നാം നൂറ്റാണ്ടിൻറെ കഴുതകളെ
തിരിച്ചറിയുക.
മുന്നിൽ നിൽക്കുമീ മരത്തെ മരത്തെ
അരുത്!
അരുമയായ മരങ്ങളെ വെട്ടരുതെ!



# പ്രകൃതി

പ്രകൃതി... പ്രകൃതി... പ്രകൃതി...
നന്മകൾ നിറയും പ്രകൃതി.
കിളികൾ ,പൂവുകൾ പൂമ്പാറ്റകളും
നിറഞ്ഞു നിൽക്കും പ്രകൃതി;
നമ്മുടെ സ്വന്തം പ്രകൃതി.
ജീവനുതുല്യം പ്രാണനു തുല്യം
നമ്മൾ കാക്കും പ്രകൃതി .
നാടിനു സ്വന്തം കാടിനു സ്വന്തം
നമ്മൾക്കിഷ്ടം പ്രകൃതി.



# കാഴ്ചകൾ

ഇരുളിന്റെ മറവിൽ ഒളിഞ്ഞിരിക്കുന്ന
മഴത്തുള്ളികൾ കണ്ണീരായ് പെയ്തു
മതശാഖകളിലൂടെ എത്തി നോക്കുന്നു.
തീരാവേദനയിലും ആ കാഴ്ച
മരന്ദം തുളുമ്പുന്നു.
ജ്വലിക്കുന്ന അഗ്നിപോൽ
സന്ധ്യ കടന്നുവരുന്നു.
തിരക്കിട്ടു പാറിയിടും പക്ഷികൾ
അഗ്നിനിക്കിരയകുമോ?

എങ്കിലും
എവിടെയോ സുന്ദരമാം കാഴ്ചകൾ
പാറിക്കളിക്കുന്നു.
ഐശ്വര്യമാകുമോ ദീപത്തെ തേടി
ഞാൻ പിന്നിടും
നിൻ സന്നിധിയിൽ...!
ഞാൻ കണ്ടു:
ആകാശജാലത്തിലെ
മരന്ദം തുളുമ്പുമാ കാഴ്ച.



ANANDABHAIRAVI A
7 F

# ആരും

അടിമകളാകരുതേ... ആരും
ലഹരിക്കടിമകളാക്കരുതേ
മയക്കു മാഫിയുടെ കയ്യിൽപ്പെട്ട്
നമ്മുടെ ജീവൻ ആപത്താവരുതേ.

മദ്യപാനം പുകവലി
നമ്മുടെ ക്ലൂടെ ക്ലൂട്ടരുതെ.



# മഴവില്ല്

വാനിൻ ഒരതിശയമായിട്ട്
നിലകൊള്ളുന്ന മഴവില്ല്.
പല വർണ്ണങ്ങളിലാരോ മാനം
നോക്കി വരച്ചൊരു മഴവില്ല്.
മഴയുടെ കൂടെ വെയിലുള്ളപ്പോൾ
വാനിൽ വിരിയും മഴവില്ല്.
ഒരു മിന്നായം പോലെ വരും
മാനം നിറയും മഴവില്ല്.
പിന്നാരോടും ചൊല്ലാതെ
മായും മെല്ലെ മഴവില്ല്.
ജീവനിൽ
ഇന്ദ്രധനുസ്സാം മഴവില്ല്.



# പൂക്കൾക്കുണ്ടൊരു പൂക്കാലം

പൂവുകൾ തോറും പാറി നടക്കും
പൂമ്പാറ്റയ്ക്കൊരു പൂക്കാലം
പൂവുകൾ തോറും തേൻനുകരുന്നീ
തേനീച്ചയ്ക്കൊരു ഒരു പൂക്കാലം.

ഓണപ്പൂവുകൾ പിച്ചാനോട്ടും
കുഞ്ഞുങ്ങൾക്കൊരു പൂക്കാലം
തുമ്പപ്പൂവും തുമ്പികളും നി–
ന്നാഘോഷിക്കും പൂക്കാലം.

മുടിയിൽച്ചൂടാൻ പൂക്കൾ പറിക്കാൻ
സ്ത്രീകൾക്കുണ്ടൊരു പൂക്കാലം.
മുടിയിൽ ചൂടൻ പൂക്കൾ പറിക്കാൻ
സ്ത്രീകൾക്കുണ്ടൊരു പൂക്കാലം
ഓണത്തപ്പനെ വരവേൽക്കാൻ
പൂക്കൾക്കുണ്ടൊരു പൂക്കാലം.



# ഓണം പൂക്കാലം

ഓണം വന്നല്ലോ
പൊൻപൂക്കൾ വിരിഞ്ഞല്ലോ
പൂവുകൾ കൊണ്ട് അത്തം വന്നല്ലോ...

വീട്ടുമുറ്റത്ത്
പുത്തൻ ഊഞ്ഞാലിട്ടല്ലോ
ഓണക്കോടിയുമായി, വീട്ടിൽ
സദ്യ നിറഞ്ഞല്ലോ
ഓണം വന്നല്ലോ: ആഘോഷിച്ചല്ലോ
ഓണം വന്നല്ലോ :ആഘോഷിച്ചല്ലോ



# നിങ്ങൾക്ക് സ്വപ്നം ഉണ്ടോ?

നിങ്ങൾക്കു സ്വപ്നം ഉണ്ടാകും
പലതരം സ്വപ്നങ്ങൾ.
ചിലർക്ക് ഡോക്ടറാവണം
ചിലർക്ക് കളക്ടറാവണം.

"പുസ്തകത്തിൻ വഴിയറിയൂ..."

അറിവിൻ ഊഞ്ഞാൽ കെട്ടിയിടാം
അതിലിരുന്നു ആടീടാം

അറിവിൻ വാതിൽ തുറന്നിട്ടൂ
സ്വപ്നത്തിലെത്തീട്ടൂ...



SARAYU SUBHASH
7F

# സ്നേഹം

ഭൂമി തരുന്നത് ...സ്നേഹം
മാതാപിതാക്കൾ തരുന്നത്... സ്നേഹം
ഗുരുക്കൾ തരുന്നത് ...സ്നേഹം
കൂട്ടുകാർ തരുന്നത്... സ്നേഹം

വായുവും വെള്ളവും മരങ്ങളും
പുസ്തകങ്ങളും തരുന്നത് ...സ്നേഹം
മുറിപ്പാട് പൊത്തി പൊതിയും
പഞ്ഞിതരുന്നതും സ്നേഹം

സ്നേഹമുണ്ടെങ്കില്ലേ ഭൂമിയുള്ളൂ...
ഇതെല്ലാം ഉണ്ടെങ്കിലേ മനുഷ്യനുള്ളു...

"ഇപ്പോൾ മനുഷ്യൻ ...
ലോകത്തെ നശിപ്പിക്കുന്നു;
സ്നേഹത്തെയും..."

നന്ദി